(ഡി) ഉണ്ട്.

(ഇ) ഓഡിറ്റ് ഫീസായി ലഭിക്കുന്ന തുക സാധാരണയായി ഓഡിറ്റർമാരുടെ ശമ്പളത്തിന് ചെലവാകുന്ന തുകയിൽ കുറവായിരിക്കും. സഹകരണ ചട്ടം 65 (3)-ാം ഉപവകുപ്പ്പ്രകാരം ഓഡിറ്റ് ഫീസിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള സംഘങ്ങളിൽ സൗജന്യ മായി ഓഡിറ്റ് നടത്തേണ്ടിവരുന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. 2002-03 വർഷത്തെ വരവ് 2.33 കോടി രൂപയും ചെലവ് 2.55 കോടി രൂപയുമാണ്.

(എഫ്) 2001-2002 വരെ .. 7 ജില്ലകൾ
2000-2001 വരെ .. 2 ജില്ലകൾ
1999-2000 വരെ .. 1 ജില്ല
1998-1999 വരെ .. 2 ജില്ലകൾ
1997-1998 വരെ .. 2 ജില്ലകൾ

വിഴിഞ്ഞത്ത് അന്താരാഷ്ട്ര ടെർമിനൽ സ്ഥാപിക്കുവാൻ സഹായ വാഗ്ദാനം

147 [1286] ശ്രീ. കെ. സി. വേണുഗോപാൽ:
,, എം. മുരളി:
ശ്രീമതി രാധാരാഘവൻ:
ശ്രീ. എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞത്ത് ഒരു അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിക്കുന്നതിന് വേണ്ടി വാഗ്ദാനമോ, സഹായ വാഗ്ദാനമോ ആയി ആരെല്ലാം മുന്നോട്ടു വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിഴിഞ്ഞത്ത് ഇത്തരം ഒരു ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള പണികൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വാഗ്ദാനവുമായി ആരും മുന്നോട്ടുവന്നിട്ടില്ല. എന്നാൽ തല്പരരായവരെ കണ്ടെത്താനായി പരസ്യം നൽകിയതിനെത്തുടർന്ന് ചില സ്ഥാപനങ്ങൾ സർക്കാരുമായി ബന്ധപ്പെട്ട് വരുന്നു. മാർച്ച് 15-നാണ് താല്പര്യം പ്രകടിപ്പിച്ചുകൊണ്ടുള്ള അറിയിപ്പ് നൽകേണ്ടത്.

(ബി) ടെർമിനൽ സ്ഥാപിക്കുന്നതിനുവേണ്ടി ഒരു പ്രോജക്ട് റിപ്പോർട്ടിന്റെ ആദ്യഘട്ടം ലഭിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ തുറമുഖ വികസനത്തിന് സ്വകാര്യ പങ്കാളിത്തം ക്ഷണിച്ചുകൊണ്ട് കഴിഞ്ഞ ഡിസംബറിൽ പത്രപരസ്യം നൽകി യിട്ടുണ്ട്. അനുയോജ്യമായ നിർദ്ദേശം ലഭിച്ചശേഷം മാത്രമേ എന്ന് പണി തുടങ്ങാൻ കഴിയുമെന്ന് പറയാനാവൂ.

തുറമുഖങ്ങളുടെ വികസനം

148 [1287] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിനായി പുതുതായി ഏതെല്ലാം പദ്ധതികളാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly